## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2833** — **13-12-2022 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി ചാർജ്ജ് വർദ്ധന പുനഃപരിശോധിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര പ്രതിസന്ധിയും വിലക്കയറ്റവുമെല്ലാം സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നീക്കം പുനഃപരിശോധിക്കുന്നതിന് സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (എ) | വൈദ്യുതിനിയമം, 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പരിഷ്കരിക്കണമെങ്കിലോ, ബില്ലിങ്ങ് രീതികളിൽ മാറ്റം വരുത്തുന്നതിനോ, വൈദ്യുതിനിയമം 2003-ലെ 61-ാം വകുപ്പ് പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ-2021 പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ്, താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ, വൈദ്യുതിനിയമം-2003, ദേശീയവൈദ്യുതി നയം -2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് വ്യക്തമായ പരിശോധന നടത്തി, പൊതുജനാഭിപ്രായം കൂടി കണക്കിലെടുത്താണ് റെഗുലേറ്ററി കമ്മീഷൻ, താരിഫിലോ ബില്ലിങ്ങ് രീതികളിലോ മാറ്റം വരുത്തുന്നത്. താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ